2025 - 2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

A.M.L.P.S, Venmenad.

# അക്കാദമിക പ്രവർത്തനങ്ങൾ.

| പ്രവർത്തനം. | രീതി | കാലയളവ് | ചുമതല. |
|---|---|---|---|
| എസ്. ആർ. ജി. | വെള്ളിയാഴ്ചതോറും എല്ലാ അധ്യാപകരും ഒത്തുചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വിലയിരുത്തുന്നു. | ജൂൺ മുതൽ വർഷം മുഴുവൻ. | H.M. S.R.G. കൺവീനർ. |
| നിരന്തരം വിലയിരുത്തൽ. | ഓരോ പാഠത്തോടനുബന്ധിച്ചും പഠനപ്രക്രിയ, പോർട്ട് ഫോളിയോ, യൂണിറ്റ് ടെസ്റ്റ് എന്നിവയുടെ വിലയിരുത്തൽ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് അധ്യാപകർ, |
| H.M. മോണിറ്ററിംഗ്. | അധ്യാപകരുടെ ക്ലാസുകൾ H.M. വിലയിരുത്തുന്നു. | എല്ലാ മാസവും. | H.M. |
| Spoken English. | ആഴ്ചയിൽ ഒരു ദിവസം spoken English പരിശീലനം. ഇംഗ്ലീഷ് അസംബ്ലി. | ജൂൺ മുതൽ മാർച്ച് വരെ. | സന്നദ്ധ വ്യക്തികൾ, അധ്യാപകർ. |

| പ്രവർത്തനം. | രീതി | കാലയളവ് | ചുമതല. |
|---|---|---|---|
| പഠനോപകരണ നിർമ്മാണം. | ക്ലാസിൽ നിർമ്മിക്കുന്നു. ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ. |
| പഠനയാത്ര, ഫീൽഡ്ട്രിപ്പ്. | കൃഷിസ്ഥലം, കെട്ടിട നിർമ്മാണം, കയർ നിർമ്മാണം തുടങ്ങിയവ സന്ദർശനം. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ, P.T.A. |
| കുട്ടിപ്പോലീസ് | 3,4 ക്ലാസുകളിലെ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച്, സ്കൂളിലെ അച്ചടക്കം പാലിക്കാൻ ശ്രദ്ധിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ. |
| ഹെൽത്ത് ക്ലബ്. | ലീഡർമാരെ തെരഞ്ഞെടുത്ത് അനുദിന ശുചിത്വകാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ. |
| ക്ലാസ് P.T.A. | രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനസ്ഥിതിയും കൂടുതൽ വിവരങ്ങളും അറിയുന്നതിന്. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ. |

| പ്രവർത്തനം | രീതി | കാലയളവ് | ചുമതല. |
|---|---|---|---|
| പഠന പോഷണ പരിപാടി. | സന്നദ്ധരായ രക്ഷിതാക്കൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് നൽകുന്നു. | | P.T.A. |
| വിദഗ്ധ ക്ലാസുകൾ. (രക്ഷിതാക്കൾക്ക്.) | ആരോഗ്യം, ശുചിത്വം, കുട്ടികളുടെ സ്വഭാവരൂപീകരണം, തുടങ്ങിയവയെ കുറിച്ച് ബോധവൽക്കരണം. | ഓരോ ടേമിലും. | H.M. |
| ഗൃഹ സന്ദർശനം. | അദ്ധ്യാപകരും P.T.A. അംഗങ്ങളും ചേർന്ന് കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു. | അവധി ദിനങ്ങൾ. | P.T.A. |
| കാരുണ്യ സ്പർശം. | എല്ലാ ക്ലാസുകളിലും coin box വച്ച് ശേഖരിക്കുന്ന തുക ഉപയോഗിച്ച് അർഹരായവരെ സഹായിക്കുന്നു. | | |
| ഭിന്നശേഷിക്കാരെ പരിഗണിക്കൽ. | ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനങ്ങൾ - IED അദ്ധ്യാപകരുടെ സേവനം. | ജൂൺ മുതൽ മാർച്ച് വരെ. | BRC, IED, ടീച്ചേഴ്സ്. |

| പ്രവർത്തനം. | രീതി | കാലയളവ് | ചുമതല. |
| --- | --- | --- | --- |
| പി.ടി.എ, എം.പി.ടി.എ. | എല്ലാ മാസവും കൃത്യമായി എക്സിക്യൂട്ടീവ് യോഗം ചേരുകയും തുറന്ന ചർച്ചകൾ നടത്തുകയും ചെയ്യുന്നു. വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. | ജൂൺമുതൽ മാർച്ച് വരെ. | H.M, P.T.A പ്രസിഡന്റ്. |
| കമ്പ്യൂട്ടർ ലാബ്. | കമ്പ്യൂട്ടർ, Lap top, പ്രൊജക്ടർ എന്നിവയുടെ സഹായത്തോടെ വിവിധ പാഠഭാഗങ്ങളും അനുബന്ധ കാര്യങ്ങളും കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു. | വർഷം മുഴുവൻ. | അധ്യാപകർ. |
| പത്ര വായന. | വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ. | ജൂൺമുതൽ മാർച്ച് വരെ. | H.M, അധ്യാപകർ, സന്നദ്ധവ്യക്തികൾ |
| ലൈബ്രറി. | വായനയ്ക്കായി പുസ്തകങ്ങൾ നൽകുകയും കുറിപ്പ് തയ്യാറാക്കിക്കുകയും ചെയ്യുന്നു. ലൈബ്രറി നവീകരണം, വായനാമൂല. | ജൂൺമുതൽ മാർച്ച് വരെ. | H.M. ലൈബ്രറി കൺവീനർ. |

| പ്രവർത്തനം. | രീതി | കാലയളവ് | ചുമതല. |
|---|---|---|---|
| അമ്മവായന. | സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം, വായനാമുറി, വായനാക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം. | ജൂൺ. | ലൈബ്രറി കൗൺസിൽ കൺവീനർ, അധ്യാപകർ. |
| വിദ്യാരംഗം കലാസാഹിത്യവേദി. ബാലസഭ. | വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ; ആസൂത്രണം. പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം, വിവിധ മത്സരങ്ങൾ നടത്തൽ, സാഹിത്യകാരന്മാരെ കാണിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | വിദ്യാരംഗം കൺവീനർ, അധ്യാപകർ. |
| ക്ലബ്ബുകൾ. | ഗണിതക്ലബ്ബ്, സാമൂഹികശാസ്ത്രക്ലബ്ബ്, സയൻസ് ക്ലബ്ബ് എന്നിവ രൂപീകരിച്ച് ഓരോ വിഷയങ്ങൾക്കും അനുസൃതമായ പഠനോപകരണങ്ങൾ ലഭ്യമാക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | H.M, അധ്യാപകർ. |

| പ്രവർത്തനം | രീതി | കാലയളവ്. | ചുമതല, |
|---|---|---|---|
| മലയാളത്തിളക്കം. | കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകക്ലാസ്, അക്ഷരം, അടയാളം ഉറപ്പിക്കൽ, ചിത്രത്തിൽനിന്നും വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക, കഥ പറയൽ... | | അധ്യാപകർ |
| Hello English. | 'Know your student' Package. Knowing your students individually will surely help to support them in overcoming their difficulties and challenges in Learning English. Preparation of word cards, masks.., Presenting the play. Demonstration Workshop for parents. | June, July. | H.M, Teachers. |
| ഉച്ചഭക്ഷണ പരിപാടി. | 5 ദിവസവും വിവിധതരം കറികളും ഉപ്പേരിയും വച്ച് നല്ല രീതിയിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പാലും ബുധൻ പുഴുങ്ങിയ കോഴിമുട്ടയും. | ജൂൺമുതൽ മാർച്ച് വരെ. | H.M, ഉച്ചഭക്ഷണ വിതരണ കമ്മിറ്റി. |

| പ്രവർത്തനം | തീതി - ദിനാചരണങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പ്രവേശ നോത്സവം | വിദ്യാലയവും പരിസരവും അലങ്കരിച്ചു. നവാഗതരായ വിദ്യാർത്ഥികളെ സ്മൈലി ബോർഡും പഠനോപകരണ കിറ്റും മിഠായിയും നൽകി രക്ഷിതാക്കളോടൊപ്പം സ്വീകരിച്ചു. പ്രവേശനോത്സവം ശ്രീ. കെ സുധ ടീച്ചർ ഉദ്ഘാടനം ചെയ്തു. ഉച്ചഭക്ഷണം ഉദ്ഘാടനവും വിതരണവും നടത്തി. | ജൂൺ 2 | HM, അധ്യാപകർ |
| ലോക പരിസ്ഥിതി ദിനം | പ്രധാന അധ്യാപിക പരിസ്ഥിതി ദിന സന്ദേശം നൽകുന്നു. കുട്ടികൾ കൊണ്ടു വന്ന തൈകൾ കൈമാറി വീടുകളിൽ നട്ടു പിടിപ്പിച്ചു, പോസ്റ്റർ നിർമ്മാണം. വൃക്ഷ തൈകൾ സ്കൂൾ പരിസരത്ത് നട്ടുപിടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ഒരു തൈ കൈമാറൽ | ജൂൺ 5 | H.M. |

| പ്രവർത്തനം | കാലയളവ് | രീതി | ചുമതല |
|---|---|---|---|
| വായന ദിനം | ജൂൺ 19 | വായനവാര പരിപാടികൾ MASMVHS മലയാള അധ്യാപകൻ ശ്രീ. ബോബി മാസ്റ്റർ വായന ദിന സന്ദേശം നൽകൽ, ഉദ്ഘാടനം, വായന ക്വിസ്, വായന മത്സരം വായന കുറിപ്പ്, അമ്മ വായന പതിപ്പ്. | H·M |
| ലഹരി വിരുദ്ധ ദിനം 21 | ജൂൺ 26 | പ്രധാന അധ്യാപിക ലഹരി വിരുദ്ധ സന്ദേശം നൽകുന്നു. one school one game (ലഹരി വ്യായാമം, സുംബ ഡാൻസ്) തുടങ്ങിയ പരിപാടികൾ. | H·M |
| വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം | ജൂലൈ 5 | ബഷീർ കഥാപാത്രങ്ങളെ പരിചയപ്പെടുത്തൽ - ബഷീർ കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരം; ബഷീറിന്റെ കൃതികളും ജീവചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തൽ. | അധ്യാപകർ |

| പ്രവർത്തനം | രീതി | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ചാന്ദ്ര ദിനം | റോക്കറ്റ് നിർമ്മാണം, ചാന്ദ്രദിന ക്വിസ്. ചാന്ദ്രദിനത്തോടനുബന്ധിച്ച് സന്ദേശം നൽകി | ജൂലൈ 21 | അധ്യാപകർ |
| PTA ജനറൽ ബോഡി മീറ്റിംഗ് | 11-7-2025 PTA ജനറൽ ബോഡി യോഗം വാർഡ് മെമ്പർ ശ്രീമതി കെ.കെ സുചിത്ര ഉദ്ഘാടനം നിർവഹിച്ചു. മുഖ്യാതിഥി മടിക്കൈ കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ സിവിൽ ഓഫീസർ സർ ശ്രീ. നിതിൻ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് നൽകി. | ജൂലൈ 11 | HM അധ്യാപകർ PTA |
| സ്വാതന്ത്ര്യ ദിനം | സ്വാതന്ത്ര്യ ദിന ക്വിസ്, സ്വാതന്ത്ര്യദിന റാലി, പ്രസംഗ മത്സരം, പതാക ഉയർത്തൽ, ദേശഭക്തിഗാനാലാപനം, ഫ്ലാഷ് മോബ് | ഓഗസ്റ്റ് 15 | HM, അധ്യാപകർ |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## റീഡേഴ്സ് തിയറ്റർ

### ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഈ വർഷം തുടങ്ങുന്ന പുതിയ ഒരു പ്രവർത്തനമാണ് റീഡേഴ്സ് തിയറ്റർ. കുട്ടികൾക്ക് ശബ്ദവ്യതിയാനത്തോടെ രസകരമായി വായിച്ചവതരിപ്പിക്കാനുള്ള സന്ദർഭം ലഭിക്കുന്നു.

### ലക്ഷ്യ പ്രസ്താവനകൾ

- കുട്ടിയുടെ സമഗ്ര വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.
- വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക. പ്രതീക്ഷിത നിലവാരത്തിലെത്തിക്കാനുള്ള നൂതനമായ പഠന തന്ത്രങ്ങൾ ഉൾപ്പെടുത്തുക.
- തെറ്റില്ലാതെയും ശബ്ദവ്യതിയാനത്തോടെയും രസകരമായി അവതരിപ്പിക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

മുന്നറിവ് — ജൂൺ

അവധിക്കാലത്ത് വായിക്കാൻ കൊടുത്ത പുസ്തകങ്ങളെക്കുറിച്ച് ചർച്ച. അവതരണം. രക്ഷിതാക്കൾക്കും കുട്ടികൾക്കും റീഡേഴ്സ് തിയറ്ററിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നു. മികച്ച മാതൃകകൾ അവതരണം.

വായനയ്ക്കുവേണ്ട കൂടുതൽ ബുക്കുകൾ ലഭ്യമാകുന്നു.
ഓരോ കുട്ടിയും വായിക്കുന്നത് വിലയിരുത്തുന്നു.
പോരായ്മകൾ ബോധ്യപ്പെടുത്തി മികച്ച നിലവാരത്തിലെ
ത്തിക്കുന്നു. ആവശ്യമായ കൈത്താങ്ങ് നൽകുന്നു.
കൃത്യമായി വിലയിരുത്തുന്നു. പിന്നോക്കം നിൽക്കുന്ന
കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുന്നു.

## സൂചകങ്ങൾ

തെറ്റില്ലാതെ വായിക്കുന്നു.
ശബ്ദ വ്യതിയാനത്തോടെ വായിക്കുന്നു.
വാക്യഘടന പാലിച്ച് രസകരമായി വായിക്കുന്നു.

## സാമ്പത്തികം

ബി. ആർ. സി_ സ്നാപ് ഫണ്ട്, സ്പോൺസർഷിപ്പ്.

## ചുമതല

ക്ലാസ് അധ്യാപിക
രക്ഷിതാക്കൾ
മറ്റ് അധ്യാപകർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംയുക്ത ഡയറി

### ആമുഖം

ഏതൊരാളിന്റെയും ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള ഒരു പഠനപ്രവർത്തനമാണ് ഡയറി എഴുത്ത്.

സംയുക്ത ഡയറി എന്ന നൂതന ആശയം രണ്ടാം ക്ലാസിനെ സംബന്ധിച്ച് വൻ വിജയത്തിലാണ്. കുട്ടികൾ അവർക്കു ചുറ്റും കാണുന്ന കാഴ്ചകളും അനുഭവങ്ങളും സൂക്ഷ്മതയോടെ നിരീക്ഷിച്ച് അതിലെ ഹൃദയസ്പർശിയായ അനുഭവങ്ങൾ അവർക്കറിയാവുന്ന അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും തന്റെ നോട്ട്ബുക്കിൽ എഴുതുന്നു. ഇതിലൂടെ കുട്ടിയുടെ സർഗാത്മക ചിന്ത, അറിവ് എന്നിവ വളർന്നു വരുന്നു. ആത്മാംശം നിറഞ്ഞ സംയുക്ത ഡയറി എഴുത്തിൽ കുട്ടിയും രക്ഷിതാവും ഒന്നിച്ച് പങ്കാളിയാവുന്നു. ഭാഷാവികസനം ഒക്കെ എഴുത്ത് മനോഹരമാക്കുന്നു. സർഗാത്മകത, മാനസികോല്ലാസം, ഓർമയിലേക്കൊരു ഏട് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾ ആണ് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് സാധ്യമാവുന്നത്. 'മികവാർന്ന ആശയം' തന്നെയാണ് സംയുക്ത ഡയറി. സംയുക്ത ഡയറി - മികവാർന്ന ഡയറി.

## ലക്ഷ്യ പ്രസ്താവനകൾ

* കുട്ടിയുടെ സമഗ്രമായ വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.
* സർഗാത്മകതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
* പ്രതീക്ഷിത നിലവാരത്തിലെത്തിക്കാനുള്ള നൂതനമായ പഠന തന്ത്രങ്ങളിൽ ഉൾപ്പെടുത്തുക.
* സ്വന്തം അനുഭവം വാക്യഘടന പാലിച്ച് ക്രമമായി തെറ്റില്ലാതെ എഴുതുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

* ജൂൺ 3 മുതൽ സംയുക്തഡയറി എന്ന മികച്ച ആശയം എത്രത്തോളം കുട്ടിയെ സ്വാധീനിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്നു. മുന്നറിവ് പരിശോധിക്കുന്നു.
* രക്ഷിതാക്കളും കുട്ടികൾക്കും ഡയറിയുടെ ആവശ്യകത ബോധവൽക്കരണം നടത്തുന്നു.
* മികച്ച മാതൃകകൾ നൽകുന്നു.
* കുട്ടിയും രക്ഷിതാവിന്റെ സഹായത്തോടെ ചേർന്ന് ഡയറി എഴുത്ത് ആരംഭിക്കുന്നു.
* ടീച്ചർ ഓരോ കുട്ടിയുടെ ഡയറിയും വായിച്ച് വിലയിരുത്തുന്നു. മികവാർന്നവ ക്ലാസിൽ അവതരിപ്പിക്കുന്നു.
* പിന്നോക്കം നിൽക്കുന്ന കുട്ടികൾ ടീച്ചറുടെ കൈത്താങ്ങിലൂടെ ക്ലാസിൽ നിന്ന് തന്നെ എഴുതുന്നു. അവതരിപ്പിക്കുന്നു.
* ആദ്യത്തെ ആഴ്ചയ്ക്ക് ശേഷം കുട്ടി ഒറ്റയ്ക്ക് എഴുതുന്നു.
* ടീച്ചർ കൃത്യസമയത്ത് വിലയിരുത്തുന്നു.

## നേട്ടങ്ങൾ

* ആത്മാംശം കലർന്ന അനുഭവം.
* Format
* ഒരു ദിവസത്തെ അനുഭവം വാക്യഘടന പാലിച്ച് ക്രമമായി തെറ്റില്ലാതെ എഴുതുന്നു.
* കുട്ടി തന്നെ എഴുതിയതാണോ?
* കൈയ്യക്ഷരം, ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?
* ഡിജിറ്റൽ ഡോക്യുമെന്റാക്കുന്നു.
* സ്കെയിൽ ചെയ്ത് പുസ്തകമാക്കുന്നു. ഗംഭീരമായ പ്രകാശനം.

## സാമ്പത്തികം

BRC, staffund

## പിന്തുണ

1. ക്ലാസ് അധ്യാപകർ, പ്രധാനാധ്യാപകൻ
2. രക്ഷിതാക്കൾ.
3. മറ്റ് അധ്യാപകർ, SSK

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് -2

വിദ്യാലയത്തിന്റെ പേര് :

അധ്യാപികയുടെ പേര് :

- ആമുഖം
- പ്രവർത്തന ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര ഡയറി എഴുതുന്നു.
* എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു.
* എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവ് നേടുന്നു.
* രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.

പ്രവർത്തന ഘട്ടം

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണക്കുറിപ്പ് എന്നിവ തയാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* കുട്ടിക്ക് സ്വയം വിലയിരുത്താനും, പരസ്പര വിലയിരുത്തുന്നതിനുമുള്ള അവസരമൊരുക്കുന്നു.

| മാസം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജൂൺ | - അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം<br>- സചിത്ര നോട്ട്ബുക്ക്. | |
| ജൂലൈ | - സംയുക്തഡയറി ആരംഭിക്കൽ<br>- class PTA ചർച്ച | |
| ആഗസ്റ്റ് | - സചിത്ര നോട്ട്ബുക്ക് സാധ്യത<br>- തിരുത്തൽ<br>- കൈത്താങ്ങ്. | |

അക്കാദമിക മാസ്റ്റർ പ്ലാൻ – ക്ലാസ് 3

# English

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE – TEST<br>• write simple words | June – July | Teacher<br>Students | PTA |
| To study, write and read simple words | Circle the word from TB and read | August – September | Teacher<br>Students | Nil |
| Create more opportunities for English speaking in the class room | class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello • Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone<br>• How are you? • How are you all? • How are you today?<br>• Let me take attendance etc. | Academic Year. | Teacher<br>Students<br>Parents | Nil |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ജൂല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപിക | സി പി ടി എ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ അനായാസം എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷരത്തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി നേടു | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിനം " പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപിക | സി പി ടി എ |

| | | | | | |
|---|---|---|---|---|---|
| വരികൾ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തിവന്നിട്ടുള്ള ശേഷി കൈവരിക്കൽ | പോസ്റ്റർ ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽദിനം കത്തുകാരനൊരു കത്ത്<br>നവംബർ 1 കേരളപിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | | ഇല്ല. |

അക്കാദമിക മാസ്റ്റർ പ്ലാൻ – ക്ലാസ് 3

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പിടിഎ |
| | ഈർക്കിലുകൾ, കമ്പികൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപിക, സിപിടിഎ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ കുട്ടികൾ | സിപിടിഎ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപിക കുട്ടികൾ | ഇല്ല |
| സങ്കലന – വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ – നവംബർ | അധ്യാപിക കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ – ജനുവരി | അധ്യാപിക കുട്ടികൾ സിപിടിഎ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐസിടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി മാർച്ച് | അധ്യാപിക കുട്ടികൾ | ഇല്ല |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 പരിസ്ഥിതി പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം - (പ്രാദേശിക വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക. • മഴക്കുഴി നിർമ്മാണം. • വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകർ • പി ടി എ • ഹരിതകർമ്മ സേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം • പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | ജെ ആർ സി യൂണിറ്റ് അധ്യാപകർ, കുട്ടികൾ | പി ടി എ ഇല്ല |